# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4196 17/05/2017-ൽ മറുപടിക്ക്

## ശബ്ദമലിനീകരണ നിയന്ത്രണ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | വാഹനങ്ങളിൽ അനുവദിച്ചതിലും ഉയർന്ന ഡെസിബെൽ ഹോണുകൾ ഉപയോഗിക്കുന്നതും ഇവ ആശുപത്രി ഉൾപ്പെടെയുള്ള പൊതു ഇടങ്ങളിൽ ശബ്ദ മലിനീകരണം സൃഷ്ടിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | ഇത്തരം ഹോണുകൾ ഉപയോഗിക്കുന്നത് തടയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | മോട്ടോർ വാഹന നിയമമനുസരിച്ച് ആരോഗ്യത്തിന് ഹാനികരമാകാത്ത വിധത്തിലാണ് വാഹനത്തിൽ ഹോണുകൾ വെയ്ക്കേണ്ടത്. 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 119(1) പ്രകാരം ബ്യൂറോ ഓഫ് ഇൻഡ്യൻ സ്റ്റാൻഡേർഡ്സ് നിഷ്കർഷിച്ചിട്ടുള്ള IS:1984-1992 മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള ഹോൺ മാത്രമേ ഘടിപ്പിക്കാവൂ. ഇതിലധികം ശബ്ദമുണ്ടാക്കുന്ന ഹോണുകൾ ഇളക്കി മാറ്റുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സെക്ഷൻ 177 പ്രകാരം പിഴയും ചുമത്തി വരുന്നു. 2017 ഏപ്രിൽ 26-ാം തീയതി കേരള സംസ്ഥാനത്ത് **'നോ ഹോൺ ഡേ'** ആയി ആദ്യമായി ആചരിയ്ക്കുകയുണ്ടായി. ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിലായിരുന്നു ഈ സംരംഭം. |

| | | | |
|---|---|---|---|
| | | | വാഹനങ്ങളിലെ ഹോൺ ഉപയോഗത്തെപ്പറ്റി പൊതു ജനങ്ങളെ ബോധവത്കരിയ്ക്കുക എന്നതായിരുന്നു ഈ സംരംഭത്തിന്റെ ഉദ്ദേശം. |
| (സി) | ഉത്സവങ്ങളോടനുബന്ധിച്ച് ആഴ്ചകളോളം റോഡുകൾ നീളെ അത്യുച്ചത്തിൽ സൗണ്ട് സിസ്റ്റം പ്രവർത്തിപ്പിക്കുന്നതിന് നിയന്ത്രണം നിലവിലുണ്ടോ; | (സി) & (ഡി) | സംസ്ഥാന സർക്കാർ, ശബ്ദമലിനീകരണ നിയന്ത്രണ ചട്ടങ്ങൾ 2000 പ്രകാരമുള്ള അന്തരീക്ഷ ശബ്ദ ഗുണനിലവാരം (ആംബിയന്റ് നോയിസ് ക്വാളിറ്റി) നിലനിർത്തുന്നതിനായി അധികാരികളെ നിയോഗിച്ചുകൊണ്ട് 29.07.2002 ൽ ആഭ്യന്തര വകുപ്പിൽ നിന്നും വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്, പോലീസ് കമ്മീഷണർ/സൂപ്രണ്ട് ഓഫ് പോലീസ്/ ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നിവരാണ് ഇതു സംബന്ധിച്ചുള്ള അധികാരികൾ. പൊതുസ്ഥലങ്ങളിൽ/ പൊതു നിരത്തുകളിൽ ഉച്ചഭാഷിണികൾ/ മറ്റ് ശബ്ദമുണ്ടാക്കുന്ന ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനായി മേലധികാരികളുടെ അനുമതി ആവശ്യമാണ്. |
| (ഡി) | ശബ്ദമലിനീകരണം നിയന്ത്രിക്കുന്നതിനും കൃത്യമായ സമയം പാലിച്ച് ഉത്സവ/ആഘോഷ പരിസരത്തു മാത്രമായി ഉച്ചഭാഷിണിയുടെ ശബ്ദം പരിമിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ